# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1346      20/01/14-ൽ മറുപടിക്ക്

## ഭക്ഷ്യവസ്തുക്കളുടെ വിലനിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നിത്യോപയോഗ ഭക്ഷ്യ വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതു പരിശോധിച്ചിട്ടുണ്ടോ; | എ) | പൊതുവിപണിയിലുണ്ടാകുന്ന വില വർദ്ധനവിന് ആനുപാതികമായി ഭക്ഷ്യ സാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ, വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കുമോ ; | ബി) | ഭക്ഷ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനായി പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നു. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധനവുണ്ടാക്കുന്നത് തടയുന്നതിനായി കർശന പരിശോധനകളും റെയ്ഡും നടത്തിവരുന്നു. സംസ്ഥാനതലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോയുടെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ,പീപ്പിൾസ് ബസാറുകൾ മുതലായവയിലൂടെ ന്യായവിലയ്ക്ക് അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലായി വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 369,37,10,000/- രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. |

സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുവിപണിയിലെ ഇടപെടലിനായി ഏതൊക്കെ തീയതികളിൽ എത്ര തുക വീതം നീക്കിവെച്ചെന്ന വ്യക്തമാക്കമോ;

സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുവിപണിയിലെ ഇടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ച തുക് ഇപ്രകാരമാണ്.

| തീയതി | അനുവദിച്ച തുക (കോടിയിൽ) |
|---|---|
| 11.08.2011 | 16.68 |
| 04.10.2011 | 1.64 |
| 17.11.2011 | 20.00 |
| 29.02.2012 | 11.68 |
| 22.03.2012 | 68.35 |
| 06.07.2012 | 45.00 |
| 13.08.2012 | 5.00 |
| 28.11.2012 | 15.00 |
| 18.12.2012 | 20.00 |
| 15.02.2013 | 50.00 |
| 11.07.2013 | 30.00 |
| 04.09.2013 | 25.00 |
| 27.08.2013 | 30.00 |
| 04.09.2013 | 6.02 |
| 04.01.2014 | 25.00 |
| ആകെ | 369.37 |

ഡി) പ്രസ്തുത തുകയിൽ എത്ര തുക ഇതിനകം ചെലവഴിച്ചെന്ന വ്യക്തമാക്കാമോ?

ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**